MONDAY 07-02-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/02/2022

1. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം 2021-2022 ൽ ഡിജിറ്റൽ വീഡിയോ മത്സരത്തിന് (ടി.വി.ചാനൽ വിഭാഗം) എൻട്രികൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ വിഭാഗത്തിൽ കേരളത്തിലെ അംഗീകൃത ടി.വി.ചാനലുകളിൽ, 2020 - 2021 ൽ ജൈവകൃഷി എന്ന ആശയം ഉൾക്കൊണ്ട് സംപ്രേക്ഷണം ചെയ്ത വീഡിയോയുടെ സംവിധായകരാണ് ഇതിനായി അപേക്ഷിക്കേണ്ടത്. സംപ്രേക്ഷണം ചെയ്ത ചാനലിന്റെ ലോഗോയും, വാട്ടർമാർക്കും, വീഡിയോയിൽ ഉണ്ടായിരിക്കണം, പ്രസ്തുത വീഡിയോ, സംപ്രേക്ഷണം ചെയ്ത ദിവസവും ചാനലിൽ സംപ്രേക്ഷണം ചെയ്തു എന്ന് ചാനൽ മേധാവിയുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം. കേരളത്തിനുള്ളിലുള്ള ലൊക്കേഷൻ ആയിരിക്കണം. ഒന്നാം സമ്മാനം 25,000/- രൂപയും, രണ്ടാം സമ്മാനം 20,000/- രൂപയും, മൂന്നാം സമ്മാനം 15,000/- രൂപയുമാണ്. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 18 ആണ്. എൻട്രികൾ അയയ്ക്കേണ്ട വിലാസം : **എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003** എന്ന വിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2314358, 9383470289** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

3. പത്തനംതിട്ട ജില്ലയിൽ അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) യിൽ **ബ്ലോക്ക് ടെക്നോളജി മാനേജർ** തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി നാളെ (ഫെബ്രുവരി 8-ന്) രാവിലെ 11 മണിക്ക് പന്തളം കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫിസിൽ വച്ച് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കൃഷി/വെറ്ററിനറി/ഡെയറി/ഫിഷറീസ് എന്നിവയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർക്കാർ സ്ഥാപനങ്ങളിലുള്ള രണ്ട് വർഷത്തിൽ

കുറയാത്ത പ്രവർത്തിപരിചയം അഭികാമ്യമാണ്. താൽപര്യമുള്ളവർ നാളെ (ഫെബ്രുവരി 8-ന്) രാവിലെ 10.30 മണിക്ക് പൂരിപ്പിച്ച ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റും സഹിതം ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **04734-296180, 9383471982** എന്നീ ഫോൺ നമ്പരുകളിലോ, പന്തളം കടയ്ക്കാട് പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിലോ ബന്ധപ്പെടുക.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടികൾ

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ **ഫെബ്രുവരി 09 മുതൽ 11** വരെ രാവിലെ 10 മണി മുതൽ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. **റബ്ബർപാലിൽനിന്നുള്ള ഉത്പന്നങ്ങളുടെ നിർമ്മാണമേഖലയിലെ സാധ്യതകൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ** തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ പരിശീലനം നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 - 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

6. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നാളെ (ഫെബ്രുവരി 08) രാവിലെ 11 മണി മുതൽ **കന്നുകാലികളിലെ വേനൽക്കാല പരിചരണം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ 8-ന് രാവിലെ 10.30 വരെ **0476 2698550** എന്ന ഫോൺ നമ്പരിൽ **വിളിച്ചോ** **9947775978** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **'സോയിൽ ഹെൽത്ത് മാനേജ്മെൻറ്'** എന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം . താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2022 ഫെബ്രുവരി 24 ആണ്. കോഴ്സുകൾ 2022 ഫെബ്രുവരി 25 ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **7559070461, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

8. **മുളകിൽ ഇലപ്പേനിന്റെ** ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്ക വിധം 10 ദിവസം ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

9. **പയറിലെ ഇലപ്പേനിന്റെ** ആക്രമണം നിയന്ത്രിക്കാൻ പാകമായ പയർ വിളവെടുത്തതിന് ശേഷം 2 മില്ലി ഫിപ്രോനിൽ 5 SC ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. പയറിൽ മൂഞ്ഞയുടെ ആക്രമണം കണ്ടാൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ **ലെക്കാനിസീലിയം ലെക്കാനി** എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മില്ലി **ഇമിഡാക്ലോപ്രിഡ്** അല്ലെങ്കിൽ 2 ഗ്രാം **തയാമെതോക്സാം** 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.